## റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി X-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അംഗമായ ഞാൻ സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീമതി ശാന്തകുമാരി കെ.: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.